

# തന്റെ ഗ്രാമത്തിനു വേണ്ടി

• ആബിദ് കോലിക്കര

## വൈറൽ

ഭോപ്പാലിലെ ബുന്ദേൽഖണ്ഡിലെ ദമോ മേഖലയിലെ കിഷൻഗഞ്ച് എന്ന ഗ്രാമത്തിലാണ് ഉമാംഗ് ശ്രീധറിന്റെ ജനനം. ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുന്ന കുട്ടിക്കാലമായിരുന്നു അവളുടേത്. എന്നാൽ തന്റെ ചുറ്റും നടക്കുന്ന കാര്യങ്ങളെല്ലാം അവളറിയുന്നുണ്ടായിരുന്നു. ദാരിദ്ര്യവും ജാതീയമായ തൊട്ടുകൂടായ്മകളുമെല്ലാം അവളുടെ മനസ്സിനെ അലട്ടി. പേരു പറഞ്ഞല്ല, ജാതി പറഞ്ഞായിരുന്നു അവിടെ ആളുകൾ വിളിച്ചിരുന്നത്. ഉന്നത വിദ്യാഭ്യാസത്തിനായി ദൽഹിയിലേക്ക് പോയപ്പോഴാണ് ഗ്രാമവും നഗരവും തമ്മിലുള്ള വ്യത്യാസങ്ങൾ ഞെട്ടലോടെ അവൾ മനസ്സിലാക്കിയത്.

തന്റെ മാതാപിതാക്കൾ മറ്റുള്ളവരെ സഹായിക്കുന്നതും മറ്റുമൊക്കെ അവൾ ചെറുപ്പം മുതൽ തന്നെ കാണുന്നുണ്ടായിരുന്നു. അതുകൊണ്ട് തനിക്കും തന്റെ ഗ്രാമത്തിലുള്ളവർക്കു വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് മനസ്സിലുറപ്പിച്ചിരുന്നു. ഗ്രാമീണ വനിതകളെ ചേർത്ത് ഖാദി മേഖലയിൽ എന്തെങ്കിലും ചെയ്താലോ എന്നവൾ ആലോചിച്ചു. പട്ടിന്റെയും പോളിസ്റ്ററിന്റെയും കാലം വന്നതോടെ മങ്ങിയതായിരുന്നു ഖാദി മേഖല. ഖാദിയും കൈത്തറിയും പുതിയ കാലത്തിന്റെ മനം കവരുന്ന രീതിയിൽ അവതരിപ്പിക്കാം എന്നും അവൾ ആലോചിച്ചു. സ്വദേശത്തും വിദേശത്തുമുള്ള നിരവധി ഡിസൈനർമാർ ഖാദിക്ക് പുതിയ കെട്ടും മട്ടും നൽകിയതോടെ അവളുടെ സംരംഭം ശ്രദ്ധിക്കപ്പെടാൻ തുടങ്ങി. ഖാദിജി എന്നാണ് ഉമാംഗ് ശ്രീധർ തന്റെ സംരംഭത്തിന് പേരു നൽകിയത്. സ്ത്രീ ശാക്തീകരണത്തിനാണ് ഉമാംഗ് ശ്രദ്ധ നൽകിയത്. വലിയ കോർപറേറ്റുകൾ വരെ ഇപ്പോൾ അവൾക്ക് ഇടപാടുകാരായുണ്ട്. സംരംഭം ആരംഭിച്ചശേഷം ഇതുവരെ 50,000 മീറ്റർ തുണിയാണ് വിൽപന നടത്തിയത്. കഴിഞ്ഞ വർഷമാവട്ടെ 50 ലക്ഷം രൂപയുടെ റെക്കോഡ് വരുമാനവും നേടി. കോവിഡ്-19 വന്നതോടുകൂടി ഖാദി തുണിയുപയോഗിച്ച് മാസ്കുകളും കൈയുറകളും ഉണ്ടാക്കുന്നുണ്ട്. തന്റെ അമ്മയുടെ കൈയിൽ നിന്ന് വാങ്ങിയ 30000 രൂപ കൊണ്ടായിരുന്നു ഉമാംഗ് ശ്രീധർ തന്റെ സംരംഭം തുടങ്ങിയത്.

കൂട്ടുകാരേ.. നമ്മൾ നമ്മുടെ ചുറ്റുവട്ടത്തേക്കൊന്ന് കണ്ണോടിച്ചു നോക്കൂ.. നമ്മുടെ നാടിനു വേണ്ടി എന്തെല്ലാം ചെയ്യാൻ തനിക്ക് കഴിയുമെന്ന് ആലോചിച്ചു നോക്കൂ.. നിരന്തരമായ നമ്മുടെ ആലോചനകൾ ഒരുപക്ഷേ വലിയ വലിയ ലോകങ്ങളിലേക്കുള്ള വാതിൽ തുറക്കും.

